"ഭരണഭാഷ - മാതൃഭാഷ"

നം.ഐസിഡിഎസ്/എ2-5956/16

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 16-2-2017

സാമൂഹ്യനീതി ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
(ഇടുക്കി ഒഴികെ)

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നത് - ഭൂമി കണ്ടെത്തിയതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നത്-സംബന്ധിച്ച്.

സൂചന :
1) 8-7-16-ലെ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ വീഡിയോ കോൺ ഫറൻസ് തീരുമാനം.
2) ഈ കാര്യാലയത്തിൽ നിന്നുള്ള 20-7-16, 6-10-16 തീയതികളിലെ ഇതേ നമ്പർ കത്തുകൾ.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ മുഴുവൻ അങ്കണ വാടികൾക്കും കെട്ടിടം നിർമ്മിക്കുക എന്നകർമ്മ പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ രീതികളിൽ ഭൂമി കണ്ടെത്തി റിപ്പോർട്ട് ജില്ലാകളക്ടർക്കും പകർപ്പ് സാമൂഹ്യനീതി ഡയറക്ടർക്കും സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. കെട്ടിട നിർമ്മാണവും സ്ഥലലഭ്യതയും സംബന്ധിച്ച വിഷയം എല്ലാ മാസവും സംസ്ഥാന ചീഫ് സെക്രട്ടറി അവലോകനം ചെയ്യുന്നു. അവലോകനത്തിന് മുൻപ് ചീഫ് സെക്രട്ടറിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ ഓരോ മാസത്തിലേയും റിപ്പോർട്ടുകൾ തൊട്ടടുത്ത മാസം 5-ാം തീയതിയ്ക്കു മുൻപായി സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് നാളിതുവരെയും പാലിക്ക പ്പെട്ടതായി കാണുന്നില്ല റിപ്പോർട്ട് ലഭ്യമാക്കുന്നതിനായുള്ള ഫോർമാറ്റ് സൂചന (2) പ്രകാരം ലഭ്യമായിട്ടുണ്ടെങ്കിലും ചില ജില്ലകളിൽ നിന്നും റിപ്പോർട്ടുകൾ നിർദ്ദിഷ്ട ഫോർമാറ്റിലല്ല നൽകുന്നത്. ഇക്കാരണത്താൽ ക്രോഡീകരിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിന് സാധിക്കാതെ വരുന്നു. അത്യന്തം ഗൗരവമേറിയ വിഷയമാകയാൽ



PDF processed with CutePDF evaluation edition www.CutePDF.com

റിപ്പോർട്ട് നിശ്ചിത സമയ പരിധിക്കകം ലഭ്യമാക്കുന്നതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതായിരിക്കും എന്ന മുന്നറിയിപ്പ് നൽകിയിട്ടുപോലും ടി റിപ്പോർട്ട് ജില്ലകളിൽ നിന്നും ലഭ്യമാക്കാത്തത് ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നു.

മേൽ സാഹചര്യത്തിൽ വിഷയം ഗൗരവമായി കണക്കാക്കി നിശ്ചിത സമയ പരിധിയ്ക്കകം ഓരോ മാസത്തേയും റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കർശനമായി നിർദ്ദേശിക്കുന്നു. അല്ലാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നതാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി.

ജികെ/ 16-2-17